പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 6501 — 16.07.2012- ൽ മറുപടിക്ക്

സിവിൽ ഡിഫൻസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം. ഹംസ | | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് സിവിൽ ഡിഫൻസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ എന്നാണ് തീരുമാനിച്ചത്; | (എ) | സംസ്ഥാന സർക്കാർ, ദുരന്തനിവാരണ വകുപ്പ്, പോലീസ് വകുപ്പ് എന്നിവയുമായി സഹകരിച്ച് ''ദുരന്തനിവാരണത്തിൽ സിവിൽ ഡിഫൻസിന്റെ പങ്ക്'' എന്ന വിഷയത്തിൽ ഒരു വർക്ക്ഷോപ്പ് ദേശീയ ദുരന്തനിവാരണ അതോറിറ്റി 2008-ൽ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത ശില്പശാലയിൽ ഉയർന്നുവന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ഒരു സിവിൽ ഡിഫൻസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാൻ തീരുമാനിക്കുകയും, ഇതിനായി കേന്ദ്ര സർക്കാരിനോട് ഫണ്ട് അഭ്യർത്ഥിക്കുകയും ചെയ്തു. കേന്ദ്ര ഗവൺമെന്റ് തുക വാഗ്ദാനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ വിയ്യൂർ വില്ലേജിൽ റീസർവ്വെ നം. 33/1-ൽ പ്പെട്ട 8 ഏക്കർ സ്ഥലത്ത് സിവിൽ ഡിഫൻസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാൻ സ.ഉ(എം.എസ്)നം. 214/2011/ ഡി.എം.ഡി തീയതി 09.06.2011 പ്രകാരം ഉത്തരവായി. കേന്ദ്ര ഗവൺമെന്റ് 195 ലക്ഷം രൂപ ഇതിനായി രണ്ട് തവണകളായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | (ബി) | തൃശ്ശൂർ ജില്ലയിലെ വിയ്യൂർ വില്ലേജിൽ റീസർവ്വെ 33/1 ൽ ഉൾപ്പെട്ട 8 ഏക്കർ സ്ഥലത്ത് ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ടിനായി ഒരു ട്രെയിനിംഗ് സെന്ററും ഹോസ്റ്റലും 195 ലക്ഷം രൂപ ചെലവിൽ നിർമ്മിക്കുവാൻ കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിക്കൊണ്ട് 28.01.2012-ൽ സ.ഉ(ആർ.റ്റി)നം. 542/2012/ ഡി.എം.ഡി പ്രകാരം സർക്കാർ ഉത്തരവായി. 07.04.2012-ാം തീയതിയിലെ സ.ഉ(ആർ.റ്റി)നം. 2095/2012/ ഡി.എം.ഡി എന്ന സർക്കാർ ഉത്തരവ് മുഖേന 29.25 ലക്ഷം രൂപ മൊബിലൈസേഷൻ അഡ്വാൻസായി കെ.പി.എച്ച്.സി.സി- ക്ക് നൽകുകയും ചെയ്തു. അതിനുശേഷം കെ.പി.എച്ച്.സി.സി തയ്യാറാക്കിയ ഡിസൈനും എസ്റ്റിമേറ്റും സർക്കാർ അംഗീകാരം നൽകിയതനുസരിച്ച് ടെണ്ടറുകൾ ക്ഷണിച്ച് 21.05.2012 -ന് ശ്രീ. കുര്യൻ വർഗ്ഗീസ് എന്ന കരാറുകാരനെ നിർമ്മാണ പ്രവൃത്തികൾ ഏൽപ്പിക്കുകയും ചെയ്തു. |
| (സി) | ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ? | (സി) | സിവിൽ ഡിഫൻസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശിലാസ്ഥാപനം 30.06.2012-ൽ നടന്നു. 12 മാസം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ